File No.REV-DRF-A1/292/2019-REV

2016
29/1/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- 2018 ലെ പ്രളയക്കെടുതിയെത്തുടർന്ന് പ്രഖ്യാപിച്ച RKLS (Resurgent Kerala Loan Scheme) സാമ്പത്തിക സഹായ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കിയ ഗാർഹിക വായ്പയുടെ 2019 - 2020 വർഷത്തിലെ ( ആദ്യ ഗഡു) പലിശ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.99/2020/റവ. തീയതി,തിരുവനന്തപുരം, 07/01/2020

പരാമർശം:- 1 07.09.2018 ലെ സ.ഉ( കൈ)നം. 326/2018 റവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.10.209 ലെ 8670/എം2-എം എഫ്/2019/കെ എസ് നമ്പർ കത്ത്.

ഉത്തരവ്

2018 ലെ പ്രളയക്കെടുതിയെത്തുടർന്ന് പരാമർശം (1) പ്രകാരം RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിക്കുകയും ആയത് വഴി വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കും മറ്റ് കാര്യങ്ങൾക്കുമായി കുടുംബനാഥയ്ക്ക് 1,00,000/- രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയുമുണ്ടായി. ടി പദ്ധതി പ്രകാരം ലഭ്യമാക്കുന്ന വായ്പയുടെ പലിശ ( 9% ) കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി .

2. RKLS (Resurgent Kerala Loan Scheme) സാമ്പത്തിക സഹായ പദ്ധതി പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന ലഭ്യമാക്കിയ വായ്പയുടെ വിവരങ്ങളും വായ്പ തിരിച്ചടവിനായി അയൽക്കൂട്ടങ്ങൾക്ക് നൽകേണ്ട പലിശ സംബന്ധിച്ച വിവരങ്ങളും പരാമർശം (2 ) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ആയത് പ്രകാരം പലിശയുൾപ്പടെയുള്ള തുകയാണ് തുല്യമാസ ഗഡുക്കളായി അയൽക്കൂട്ടങ്ങൾ ബാങ്കുകളിലേക്ക് തിരിച്ചടയ്ക്കേണ്ടതെന്നും പ്രസ്തുതവായ്പയുടെ പലിശ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കി, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയൽക്കൂട്ടങ്ങൾ തിരിച്ചടവ് ആരംഭിക്കുന്ന മുറയ്ക്ക് നൽകേണ്ടതുണ്ടെന്നും വായ്പ തിരിച്ചടവ് കാലാവധി 4 വർഷമായതിനാൽ 4 വാർഷിക ഗഡുക്കളായി പലിശ തുക നൽകേണ്ടതുണ്ടെന്നും ഇതിനായി അതാത് സി.ഡി.എസുകൾ RKLS വായ്പ ലഭ്യമാക്കിയിട്ടുള്ള ബാങ്കിൽ നിന്നും പലിശ വിവരങ്ങൾ ശേഖരിച്ച് കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രതീക്ഷിക്കുന്ന വാർഷിക ഗഡുക്കളുടെ പട്ടിക സമർപ്പിച്ചതായും ആയത് പ്രകാരം 2019-20 സാമ്പത്തിക വർഷം നൽകേണ്ട ആദ്യ ഗഡു പലിശ സബ്സിഡി തുക 131,17,64,000/- രൂപ ( നൂറ്റി മുപ്പത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ മാത്രം ) യാണെന്നും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3. വിഷയം സർക്കാർ പരിശോധിച്ചു. RKLS (Resurgent Kerala Loan Scheme) സാമ്പത്തിക സഹായ പദ്ധതി പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന കുടുംബശ്രീ അംഗങ്ങൾക്ക്

ലഭ്യമാക്കിയ വായ്പയുടെ 2019-20 കാലയളവിലെ (ആദ്യ ഗഡു) പലിശ സബ്സിഡി തുകയായി കുടുംബശ്രീ കണക്കാക്കിയിട്ടുള്ള **131,17,64,000/-രൂപ(നൂറ്റി മുപ്പത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരാവാകുന്നു. ടി തുക അതാത് അയൽക്കൂട്ടങ്ങൾക്ക് വിതരണം നടത്തി ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം യഥാസമയം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്നതാണ്.

വിതരണത്തിനാവശ്യമായി വരുന്ന **131,17,64,000/-** രൂപ **(നൂറ്റി മുപ്പത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പല് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം

കൺവീനർ, SLBC , ,SLBC Cell, കാനറാ ബാങ്ക്, തിരുവനന്തപുരം.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

ദുരന്ത നിവാരണ വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid

ഉത്തരവിൻ പ്രകാരം

Digitally signed by DEEPU S S
Date: 2020.01.09 14:14:01 IST
Reason: Approved

സെക്ഷൻ ഓഫീസർ